**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4143** **09-08-2021 - ൽ മറുപടിയ്ക്ക്**

**കെ.ടി.ഡി.സി. ഹോട്ടലുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കെ.ടി.ഡി.സി. ഹോട്ടലുകളുടെ നവീകരണം ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കെ.ടി.ഡി.സി. ഹോട്ടലുകളുടെ നവീകരണം ലക്ഷ്യമിട്ട് ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇത് സഞ്ചാരികൾക്കും ടൂറിസ്റ്റുകൾക്കും ആകർഷകമാകുന്ന രീതിയിൽ സൗകര്യങ്ങൾ ഒരുക്കി യൂണിറ്റുകളുടെ മോടി വർദ്ധിപ്പിച്ചു. 1. കെ.ടി.ഡി.സി.യുടെ എല്ലാ പ്രീമിയവും, ബഡ്ജറ്റുമായ ഹോട്ടലുകൾ നവീകരിക്കാൻ തീരുമാനിച്ചു. 2. മാസ്കറ്റ് ഹോട്ടലിന്റെ 36 മുറികൾ നവീകരിക്കുകയും സ്റ്റാർ ക്ലാസിഫിക്കേഷൻ ലഭിക്കുകയും ചെയ്തു. 3. ചൈത്രം ഹോട്ടലിന്റെ മുറികൾ മൊത്തമായി നവീകരിച്ചു. ഗ്രാന്റ് ചൈത്രം എന്നു നാമകരണം ചെയ്ത് വിപണനം ചെയ്തു വരുന്നു. 4. വാട്ടർസ്കേപ്പ്, കുമരകത്തിന്റെ നവീകരണം 12.65 കോടി രൂപ ചെലവിൽ നടത്തി. 5. പൊന്മുടിയിൽ 320 ലക്ഷം രൂപയ്ക്ക് 15 കോട്ടേജുകൾ കമ്മിഷൻ ചെയ്തു. 6. കണ്ണൂരിലെ ടാമറിന്റ് ഈസി ഹോട്ടൽ 292 ലക്ഷം രൂപ മുടക്കി നവീകരിക്കുകയും ഇതിനെ 'ലൂം ലാന്റ്' എന്ന് നാമകരണം ചെയ്തു വിപണനം ചെയ്തു വരുന്നു. 7. മാസ്കറ്റ് ഹോട്ടലിന്റെ കൺവെൻഷൻ സെന്ററിന്റെയും റിസപ്ഷന്റെ നവീകരണത്തിനും ഒരു പുതിയ റൂഫ് ടോപ്പ് റെസ്റ്റോറന്റ് പണിയുന്നതിനുമായി 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിന്റെ ടെണ്ടർ നടപടി ആരംഭിക്കുകയും ചെയ്തു. റൂഫ് ടോപ്പ് റെസ്റ്റോറന്റിൻെറ പണി പുരോഗമിക്കുന്നു. 8. ആലപ്പുഴയിൽ 2 കോടി രൂപ മുതൽ മുടക്കിൽ ടാമറിന്റ് ഈസി ഹോട്ടൽ നവീകരിച്ച് റിപ്പിൾ ലാന്റ് എന്ന് നാമകരണം ചെയ്ത് വിപണനം ചെയ്തു വരുന്നു. 9. വേളിയിൽ ഫ്ളോട്ടിംഗ് റെസ്റ്റോറന്റ് നവീകരിക്കാൻ 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പണി പൂർത്തിയാക്കുകയും 'ഫ്ലോട്ടില്ല' എന്ന് നാമകരണം ചെയ്ത് വിപണനം ചെയ്തു വരുന്നു. 10. സുപ്രീം കോടതി ഉത്തരവിൻ പ്രകാരം അടച്ചുപൂട്ടിയ |

| | | | |
|---|---|---|---|
| | | | ബിയർ പാർലറുകൾക്ക് പകരം പുതിയ ബിയർ പാർലറുകൾ തുറന്നു. 11. കണ്ണൂരിലെ മുഴിപ്പിലങ്ങാടിലും കോഴിക്കോട് ബീച്ചിലും സ്റ്റാർ ഹോട്ടലുകൾ തുടങ്ങാൻ തടസ്സമായിരുന്ന ലാസ്റ്റ് അക്യുസിഷൻ നടപടികൾ പൂർത്തിയായി. ഉടനെത്തന്നെ സ്റ്റാർ ഹോട്ടലുകളുടെ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 12. തണ്ണീർമുക്കം റിസോർട്ടിന്റെ നവീകരണത്തിന് 4 കോടി രൂപയുടെ ഭരണാനുമതി നൽകി. 13. കെ.ടി.ഡി.സി.യുടെ ചിരകാല ആവശ്യമായ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന് ഭരണാനുമതി നൽകി. അതിന്റെ നടപടികൾ പുരോഗമിക്കുകയും ചെയ്തു വരുന്നു. 14. ടൂറിസം ഡെസ്റ്റിനേഷനുകളുടെ മാനേജ്മെന്റിൽ കെ.ടി.ഡി.സി.യെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. 15. കെ.ടി.ഡി.സി.യിലെ ഉദ്യോഗസ്ഥർക്ക് സമ്പൂർണ്ണമായ ട്രെയിനിംഗ് കൊടുക്കുവാനുള്ള നടപടികൾ ആരംഭിച്ചു. 16. 792 ലക്ഷം രൂപ മുടക്കി മൂന്നാറിലെ ടീ കൗണ്ടി റിസോർട്ട് നവീകരണം നടന്നു വരുന്നു. 17. കെ.ടി.ഡി.സി. യുടെ മോട്ടൽ ആരാമുകൾ, ടാമറിന്റ് റെസ്റ്റോറന്റുകൾ മറ്റ് പാതയോര റെസ്റ്റോറന്റുകൾ എന്നിവ 'ആഹാർ റെസ്റ്റോറന്റ്' എന്ന് നാമകരണം ചെയ്ത് വിപണനം ചെയ്യാൻ തീരുമാനിക്കുകയും അതിന്റെ ഭാഗമായി കായംകുളം, പാറശ്ശാല, വടകര, ശ്രീകൃഷ്ണപുരം, മുണ്ടക്കയം, നെല്ലപ്പാറ എന്നിവിടങ്ങളിൽ തുടങ്ങിയിട്ടുമുണ്ട്. കൂടാതെ ഗുരുവായൂർ, എരിമയൂർ, കുറ്റിപ്പുറം എന്നിവിടങ്ങളിലും തുറക്കുന്നു. |
| (ബി) | ചാനൽ മാനേജർ സോഫ്റ്റ്‌വെയർ സംവിധാനം ഒരുക്കുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; ഏതൊക്കെ ഹോട്ടലുകളിൽ ഈ സംവിധാനം നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | ഓൺലൈൻ ട്രാവൽ ഏജൻസികളുടെ കെ.ടി.ഡി.സി. ഹോട്ടലുകളിൽ റൂം ബുക്കിംഗ് തത്സമയം ലഭ്യമാക്കുന്നതിനായി ചാനൽ മാനേജർ സോഫ്റ്റ്.വെയർ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇതുവഴി രാജ്യത്തെയും വിദേശത്തെയും വിനോദസഞ്ചാരികളെ നമ്മുടെ സംസ്ഥാനത്തേക്ക് കൂടുതലായി ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും വിദേശ ഓൺലൈൻ ട്രാവൽ ഏജൻസികളായ booking.com, Agoda, Expedia യും പ്രമുഖ ഇന്ത്യൻ ഓൺലൈൻ ട്രാവൽ ഏജൻസികളായ Make my trip, Goibibo, Travel guru, Yathra എന്നിവയിലൂടെയെല്ലാം പ്രചാരണവും വിൽപ്പനയും നടത്തുന്നുണ്ട്. അതുമൂലം ആഗോളതലത്തിൽ പ്രചാരണം ലഭിക്കുന്നുണ്ട്. ചാനൽ മാനേജർ സോഫ്റ്റ്.വെയർ ഓൺലൈൻ ട്രാവൽ ഏജൻസികളുടെ ബുക്കിംഗ് തത്സമയം എടുക്കുന്നതിന് പുറമേ മികച്ച നിരക്കിൽ ഹോട്ടൽ മുറികൾ ഉപഭോക്താവിന് നൽകുന്നതിന് സഹായിക്കുന്നു. ഇത് ഓൺലൈൻ ബിസിനസ് |

| | | | |
|---|---|---|---|
| | | | കൂടാൻ സഹായകമാകുന്നു. കെ.ടി.ഡി.സി.യുടെ 24 ഹോട്ടലുകളിലാണ് ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**ഫ്രീമിയം പ്രോപ്പർട്ടീസ്**

1.മാസ്കറ്റ്ഹോട്ടൽ , തിരുവനന്തപുരം.
2.സമുദ്ര ,കോവളം.
3.ടീ കൗണ്ടി, മൂന്നാർ
4.ആരണ്യ നിവാസ് , തേക്കടി.
5.ബോൾഗാട്ടി പാലസ് & ഐലന്റ് റിസോർട്ട്, കൊച്ചി.
6.ലേക്ക് പാലസ്, തേക്കടി.
7.വാട്ടർ സ്കേപ്പ് , കുമരകം.

**ബഡ്ജറ്റ് പ്രോപ്പർട്ടീസ്**

1.സുവാസം, കുമരകം, ഗേറ്റ് വേ തണ്ണീർമുക്കം.
2.ഗോൾഡൻ പീക്ക്, പൊന്മുടി.
3.ഗ്രാന്റ് ചൈത്രം, തിരുവനന്തപുരം.
4.നന്ദനം, ഗുരുവായൂർ
5.പെരിയാർ ഹൗസ്, തേക്കടി
6.ലൂം ലാന്റ്, കണ്ണൂർ.
7.റിപ്പിൾ ലാന്റ്, ആലപ്പുഴ.
8.ഗാർഡൻ ഹൗസ്, മലമ്പുഴ.
9.പെപ്പർ ഗ്രൂവ്, വയനാട്.
10.ഫോക്ക് ലാന്റ്, പറശ്ശിനിക്കടവ്.
11.റെയ്ൻ ഡ്രോപ്പ്സ്, ചെന്നൈ.

**ടാമറിന്റ് പ്രോപ്പർട്ടീസ്**

1.ടാമറിന്റ് ഈസി ഹോട്ടൽ,തിരുനെല്ലി
2.ടാമറിന്റ് ഈസി ഹോട്ടൽ, മണ്ണാർക്കാട്.
3.ടാമറിന്റ് ഈസി ഹോട്ടൽ, കൊണ്ടോട്ടി.
4.ടാമറിന്റ് ഈസി ഹോട്ടൽ,നിലമ്പൂർ.
5.ടാമറിന്റ് ഈസി ഹോട്ടൽ,ഗുരുവായൂർ.
6.ടാമറിന്റ് ഈസി ഹോട്ടൽ, ചങ്ങനാശ്ശേരി.